പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.344</u> <u>27.02.2018-ൽ മറുപടിക്ക്</u>

## ഇ-വേ ബിൽ സമ്പ്രദായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ സമ്പ്രദായം പ്രാവർത്തികമാവാത്തതുകൊണ്ടും ജി.എസ്.ടി സ്ക്വാഡുകളുടെ പരിശോധന നാമമാത്രമാവുകയും ചെയ്തതോടെയും സംസ്ഥാനത്ത് നികുതി വെട്ടിപ്പ് വർദ്ധിച്ചതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതരസംസ്ഥാനങ്ങൾ ജി.എസ്.ടി.യെ തുടർന്ന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ എണ്ണം ഇരട്ടിയാക്കിയപ്പോൾ കേരളത്തിൽ ഇതുണ്ടായില്ലെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായതോടെ പല സംസ്ഥാനങ്ങളിലും ഉദ്യോഗസ്ഥരുടെ പുനർവിന്യാസം നടന്നിട്ടുണ്ട്. അപ്രകാരം കേരളത്തിലും പുനർവിന്യാസം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സ്ക്വാഡുകളുടെ എണ്ണത്തിലുള്ള കുറവ് പരിശോധനകൾ പരിമിതപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് വൻതോതിൽ കുതിച്ചുയരുന്നതിനും കാരണമായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ഇ-വേ ബിൽ പൂർണ്ണമായും നടപ്പാക്കാത്തതുകൊണ്ടും സാങ്കേതിക പ്രശ്നങ്ങൾമൂലം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതുകൊണ്ടും അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ വെട്ടിപ്പുകൾ ഉണ്ടാകുന്നുവെന്ന് സംശയം ബലപ്പെട്ടതിനെത്തുടർന്ന് പ്രധാന അന്തർസംസ്ഥാന ചെക്ക് പോസ്റ്റുകൾ |

-2-

| | | | |
|---|---|---|---|
| | | | കേന്ദ്രീകരിച്ച് വാഹനപരിശോധന കർശനമാക്കുന്നതിന് സ്ക്വാഡുകളുടെ പുനർവിന്യാസം നടത്തുന്നതിന് സംസ്ഥാനതല ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് അന്തർസംസ്ഥാന ചരക്കുനീക്കത്തിലുണ്ടാകുന്ന നികുതി വെട്ടിപ്പുകൾ ഒരു പരിധിവരെ തടയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

3